# നീര മാർക്കറ്റിംഗിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ

കൊച്ചി: നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന നീരയും മൂല്യവർധിത ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനു വേണ്ട സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ ഏർപ്പെടുത്തുന്നതിനു തദ്ദേശ സ്ഥാപനങ്ങൾക്കു അനുമതി നൽകി സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കി.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് കോ-ഓർഡിനേഷൻ സമിതി തീരുമാനം കൈക്കൊണ്ടതെന്നു ബോർഡ് അധികൃതർ പത്രക്കുറിപ്പിൽ അറിയിച്ചു.

ത്രിതല കർഷക കൂട്ടായ്മകളായ ഫെഡറേഷനുകൾ വഴി നീര ഉത്പാദിപ്പിക്കുകയും കമ്പനികൾ വഴി സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ ഇറക്കുന്ന നീരയും ഉപോത്പന്നങ്ങളും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്ഥാപനങ്ങൾ വഴി മാർക്കറ്റ് ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങളാണ് കത്തിൽ അഭ്യർഥിച്ചത്.

ഇതുവഴി കേരളത്തിലെമ്പാടും തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രകൃതിദത്ത പോഷക സമ്പുഷ്ട ആരോഗ്യപാനീയമായ നീര ലഭ്യമാക്കാനുള്ള സാഹചര്യമാണ് ഒരുങ്ങുന്നതെന്നും പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി.